പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 371 — 19.03.2018-ൽ മറുപടിക്ക്

## മത്സ്യബന്ധന മേഖലയിൽ ഇൻഷ്വറൻസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, എം.ഉമ്മർ<br>,, മഞ്ഞളാംകുഴി അലി<br>,, പി.കെ.ബഷീർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യബന്ധന തൊഴിലാളികൾക്കും ബോട്ടുകൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികൾക്കായി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് വഴി നടപ്പിലാക്കുന്നു ണ്ട്. നിലവിലുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷാ കാലയളവ് 17/12/17 മുതൽ 16/12/18 വരെയാണ്. പദ്ധതി പ്രകാരം ഓരോ മത്സ്യത്തൊഴിലാളികൾക്കും 10 ലക്ഷം രൂപയുടെ പരിരക്ഷയു ണ്ട്.<br><br>പ്രകൃതി ദുരന്തത്തിൽപ്പെട്ട് വള്ളം, വല തുടങ്ങിയ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നടപ്പിലാക്കുന്നു. ആയതിലേയ്ക്കായി ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ചകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടു ണ്ട്. മറ്റ് ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു ണ്ട്. |
| (ബി) | പൈലറ്റ് പ്രോജക്റ്റിനായി വകയിരുത്തിയ അൻപത് ലക്ഷം രൂപയിൽ എത്ര രൂപയാണ് ചെലവഴിച്ചത്; ആയതിന്റെ വിശദാംശം നൽകാമോ; | (ബി) | പ്രകൃതി ദുരന്തങ്ങളിൽ വള്ളം, വല തുടങ്ങിയ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി ഒരു ഇൻഷ്വറൻസ് പദ്ധതി പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുകയും 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ടെ ണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ഒരു കമ്പനിയും ടെ ണ്ടർ ക്വാട്ട് ചെയ്യാതിരുന്നതിനാൽ തുക ഇതുവരെ ചെലവഴിച്ചിട്ടില്ല. റീ ടെ ണ്ടർ ചെയ്തിട്ടു ണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പൈലറ്റ് പ്രോജക്റ്റിന്റെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ; | (സി) | വിലയിരുത്തൽ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ആദ്യഘട്ടമെന്ന നിലയിൽ 'Pliot Project' ആയി ടി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച ചെയ്യുകയുണ്ടായി. ഇൻഷ്വർ ചെയ്തിട്ടുള്ള യാനങ്ങൾക്ക് അപകടം സംഭവിച്ചാൽ നഷ്ടപരിഹാരം കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നും, പൂർണ്ണമായ നഷ്ടത്തിനും ഭാഗികമായ നഷ്ടത്തിനും കവറേജ് വേണമെന്നും അഭിപ്രായപ്പെട്ടതനുസരിച്ച് യാനങ്ങൾ തിരിച്ചറിയുന്നതിന് ഹോളോ ഗ്രാഫിക് നമ്പർ പതിക്കേണ്ടിവരുമെന്നും പരമ്പരാഗത യാനങ്ങൾക്ക് പൊതുവായ ഒരു ഇൻഷ്വേർഡ് വാല്യൂ നിശ്ചയിക്കേണ്ടി വരുമെന്നും കമ്പനി പ്രതിനിധികൾ അറിയിച്ചിരുന്നു. ആയതിൻപ്രകാരം മത്സ്യബന്ധനയാനങ്ങളുടെ പരമാവധി കാലയളവ് 15 വർഷമായി അനുമാനിച്ച് തേയ്മാനം കണക്കാക്കുമെന്നും, ഭാഗികമായ നഷ്ടത്തിന് ഒരു നിശ്ചിത പരിധിവരെ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്താൽ മതിയെന്നും ഭാഗികമായ നഷ്ടം സംഭവിച്ച യാനങ്ങൾ റിപ്പയർ ചെയ്യുന്നതിന് ബോട്ട് ബിൽഡിംഗ് യാർഡുകൾ എംപാനൽ ചെയ്യുമെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉദ്ദേശിക്കുന്നുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമായി നൽകുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ചത്. എന്നാൽ അടുത്ത സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ